പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2571      01/04/2013-ൽ മറുപടിക്ക്

## പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷന്റെ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.എം.എ.ബേബി
ശ്രീ.എ.കെ.ബാലൻ
ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.ബി.സത്യൻ

മറുപടി

ശ്രീ.എ.പി.അനിൽകുമാർ

(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ മുതലുള്ള കമ്മീഷന്റെ പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്. റിട്ടയേർഡ് ജഡ്ജ് പി.എൻ.വിജയകുമാർ ചെയർമാനും, ശ്രീ.എഴുകോൺ നാരായണൻ എക്സ് എം.എൽ.എ, അഡ്വ.കെ.കെ.മനോജ് എന്നിവർ മെമ്പർമാരുമായുള്ള കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ 4.02.2012-ന് ചുമതലയേറ്റു. 2012-13 വർഷത്തിൽ ഇതുവരെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും ആകെ 3306 പരാതികൾ കമ്മീഷന് ലഭിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ ലഭിച്ച പരാതികളും, നിലവിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകളും സമയബന്ധിതമായി തീർപ്പാക്കുന്നതിലേയ്ക്കായി ആഴ്ചയിൽ നാല് ദിവസം (തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം) കമ്മീഷൻ ആസ്ഥാനത്ത് ഫുൾ കമ്മീഷൻ സിറ്റിംഗ് നടത്തി പരാതികളിൽ തീർപ്പ് കൽപ്പിച്ചു വരുന്നു. പ്രവാസികളുടെ കേസുകൾ, സ്ത്രീ പീഢന കേസുകൾ, വനാവകാശ നിയമം സംബന്ധിച്ച കേസുകൾ എന്നിവ വ്യാഴാഴ്ച ദിവസം വ്യവഹാരം ചെയ്യപ്പെടുന്നു. കൂടാതെ ഓരോ ജില്ലകളിലും പ്രത്യേകം പരാതി പരിഹാര അദാലത്തുകൾ നടത്തിയും പരാതികൾ തീർപ്പ് കൽപ്പിച്ചു വരുന്നു. 2012-13 വർഷം 14 ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിച്ചു കഴിഞ്ഞു. 2013-14 വർഷം താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ച് പരാതികൾ തീർപ്പ് കൽപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ബി) | പട്ടികജാതിക്കാർക്കെതിരായ അതിക്രമങ്ങൾ, ഭൂപ്രശ്നം, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തത് എന്നിവ സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കാനായിട്ടുണ്ടോയെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) & (സി) | കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷനിൽ ലഭിക്കുന്ന പരാതികൾ പട്ടികജാതി/പട്ടികവർഗ്ഗം എന്ന് തരംതിരിച്ചല്ല നടപടി സ്വീകരിക്കുന്നത്. രണ്ടു വിഭാഗത്തിൽപ്പെട്ടവരുടെയും പരാതികൾ പൊതു നിയമത്തിൻ കീഴിൽ വരുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമങ്ങൾ, ഭൂമി സംബന്ധമായ വിഷയങ്ങൾ, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തതുമായി ബന്ധപ്പെട്ട കേസുകൾ, പൊതുമേഖലാ സ്ഥാപനങ്ങളിലെ സംവരണം, സർവ്വകലാശാലകളിലെ സംവരണം, പട്ടികജാതിക്കാരുടെയും ഗോത്രവർഗ്ഗ-ങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെ സംരക്ഷണം, അനധികൃത സ്ഥലംമാറ്റം, ജോലിസ്ഥലത്തെ പീഢനം, നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കൽ തുടങ്ങി 2008 മുതലുള്ള വിവിധങ്ങളായ 682 പരാതികളിന്മേൽ തീർപ്പു കൽപ്പിച്ച് ഈ കമ്മീഷൻ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>കമ്മീഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ ജനപ്രതിനിധികൾക്കും പട്ടികജാതി/ പട്ടികവർഗ്ഗ പ്രമോട്ടർമാർക്കുമായി പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം ലഭിയ്ക്കുന്ന പരിരക്ഷകളെ പറ്റിയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക അവകാശങ്ങളെ സംബന്ധിച്ചും 14 ജില്ലകളിലും നിയമ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചു. |
| (സി) | കമ്മീഷൻ പട്ടികജാതിക്കാരുടെയും മറ്റും വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തി അറിയിച്ചിട്ടുണ്ടോ; | | |
| (ഡി) | ക്ഷേമ-വികസന പദ്ധതികൾ സംബന്ധിച്ച് കമ്മീഷൻ സർക്കാരിനു നൽകിയിരിക്കുന്ന ശുപാർശകൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളോടുള്ള വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിവേചനപരമായ സമീപനം കമ്മീഷൻ ചെയർമാൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) മൃതദേഹം സംസ്കരിക്കാൻ സ്വന്തമായി ഭൂമിയില്ലാത്ത ടി വിഭാഗത്തിൽപ്പെട്ടവരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ട കമ്മീഷൻ ടി വിവരം പഞ്ചായത്ത് ഡയറക്ടറുടെ |

| | | | |
|---|---|---|---|
| | | | ശ്രദ്ധയിൽപ്പെടുത്തുകയും, ഇതുമായി ബന്ധപ്പെട്ട് ഡയറക്ടർ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകുകയുണ്ടായി. 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച ശുപാർശ ദേശീയ കമ്മീഷന് നേരിട്ട് നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ നൽകിയ ശുപാർശ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ

നം: എൻ-3/50102/12/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയ്യതി: /01/2013

## സർക്കുലർ

**വിഷയം : പൊതുവിദ്യാഭ്യാസം - പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യ വിതരണം - സമീപനം - സംബന്ധിച്ച്.**

**സൂചന : 13-07-2012-ലെ പട്ടികജാതി/പട്ടികവർഗ്ഗ വികസന കമ്മീഷൻ ചെയർമാന്റെ കത്ത് നമ്പർ : 3149/എ1/12/കെ.എസ്.സി.എസ്.സി.എസ്.ടി.**

--------

മേൽ സൂചന പ്രകാരം ബഹുമാനപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ ചെയർമാൻ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളോടുള്ള വിദ്യാഭ്യാസാധികൃതരുടെ വിവേചനപരമായ സമീപനത്തെക്കുറിച്ച് പരാമർശിക്കുന്നു. അതിനാൽ താഴെപ്പറയുന്ന കാര്യങ്ങൾ തീർച്ചയായും ശ്രദ്ധിക്കണമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

1. പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യണം.
2. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്യപ്പെട്ട സീറ്റുകളിൽ പരമാവധി വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകണം.
3. വിദ്യാർത്ഥികൾക്ക് നൽകുന്ന യൂണിഫോമുകൾ നിലവാരമുള്ളതായിരിക്കണം.
4. റസിഡൻഷ്യൽ സ്കൂളുകളിൽ വൃത്തിഹീനമായ അന്തരീക്ഷം ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കണം.
5. റസിഡൻഷ്യൽ സ്കൂളുകളിലേയും, ഹോസ്റ്റലുകളിൽലേയും വിദ്യാർത്ഥിനികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം.
6. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭ്യമായ ധനസഹായം ഉപയോഗിച്ച് കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള പഠനോപകരണങ്ങൾ സജ്ജമാക്കാനും അവ ഉപയോഗിക്കാനും പരിശീലനം നൽകണം.
7. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ക്ലാസ്സ് മുറികളിലോ അസംബ്ലിയിലോ വച്ച് പരസ്യമായി ജാതിപ്പേര് പറഞ്ഞ് അവഹേളിക്കുന്നത് തടയാനുള്ള നടപടികൾ സ്വീകരിക്കണം.
8. ഏതെങ്കിലും കാര്യത്തിൽ മുടക്കം വരുത്തുന്ന വിദ്യാർത്ഥികളുടെ പേരിനോടൊപ്പം യാതൊരു കാരണവശാലും ജാതിപ്പേര് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കരുത്.
9. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ പൂർണ്ണമായും ബോധവാന്മാരാക്കണം.

മേൽപ്പറഞ്ഞ കാര്യങ്ങൾ എല്ലാ സ്കൂളുകളിലും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, വീഴ്ച വരുത്തുന്നവർക്കെതിരേ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അവ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും ആകുന്നു.

**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

HAMEEDA BEGUM K.I
Deputy Director of Education (GIP)
DPI, Thiruvananthapuram

പകർപ്പ് :
1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2) എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും

പി.എസ്.22-01-13